ഈ കഴിഞ്ഞ ഞായറാഴ്ച കാർഗിൽ യുദ്ധവിജയത്തിന്റെ ഇരുപത്തിയൊന്നാം വാർഷികനാളിൽ തെളിഞ്ഞു വന്നൊരു വാർത്താവിശേഷമാണ് ഈയാഴ്ചയിലെ പ്രതിഭയിലേക്കുള്ള നാന്ദി.

കാർഗിൽ വിജയദിവസത്തിലെ എക്സ്ക്ലൂസീവ് സ്റ്റോറി (ദേശാഭിമാനി) ഷെയർ ചെയ്തുകൊണ്ട് സുഹൃത്ത് നിശാന്ത് പഴങ്ങലം പറഞ്ഞതിത്രയേയുള്ളു.

"അതെ, നമുക്കേവർക്കും അറിയാവുന്ന കഥ. അറിയട്ടെ ഏവരും".

രാജ്യം പതിനേഴു കൊല്ലങ്ങൾക്കു മുമ്പ് ഉചിതമായി ആചരിച്ചതിന്റെ പതക്കങ്ങളണിഞ്ഞു നില്ക്കുന്ന ചിത്രവും വിവരണവും കണ്ടമാത്രയിൽ വിളിച്ച് കൂടുതൽ അറിഞ്ഞ കാര്യങ്ങൾ കൂടി പങ്കുവെയ്ക്കുവാൻ തൊട്ടടുത്തു വരുന്ന ഈ ദളം മാറ്റി വയ്ക്കുകയാണ്.

ഈയാഴ്ചയുടെ താരം

നമ്മുടെ കൂട്ടായ്മയുടെ തുടക്കം മുതൽ തന്നെ തന്റെ സൗമ്യ സാമീപ്യം കൊണ്ടു ഏവരുടേയും മനസ്സു കീഴ്പ്പെടുത്തുന്ന വീരയോദ്ധാവ്,

എസ്സ്. ശ്രീകുമാർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ചെട്ടികുളങ്ങര ബ്രാഞ്ച്,
ആലപ്പുഴ ജില്ല.

ആലപ്പുഴ ജില്ലയിലെ മാന്നാറിൽ അദ്ധ്യാപക ദമ്പതികളായ പരേതർ, ടി.എസ്.ദാസ് -ചന്ദ്രിക ദമ്പതികളുടെ മകനായി ജനനം. അച്ഛൻ, എയിഡഡ് മേഖലയിലെ സ്കൂൾ അദ്ധ്യാപകരുടെ ആദ്യകാല സംഘടനയായ കെ.പി.ടി യു വിന്റെ സ്ഥാപക നേതാക്കളിലൊരാളും പിന്നീടു രൂപപ്പെട്ടതുമായ കെ. യെസ്.ടീ. ഏ യുടെ മുൻനിരനേതാക്കളിലൊരാളുമായിരുന്നു. ചന്ദ്രിക ടീച്ചർ അംഗനവാടി അദ്ധ്യാപന രംഗത്തും. ഈരേഴ നോർത്ത് എൽ്പീ. സ്കൂളിലും ചെട്ടിക്കുളങ്ങര ഹെൈസ്ക്കൂളിലും പഠന ശേഷം മാവേലിക്കര ബിഷപ് മൂർ കോളേജിൽ പ്രീ ഡിഗ്രി; തുടർന്ന് ദേവസ്വം ബോർഡ് പമ്പാ കോളേജിൽ ഡിഗ്രി പഠന സമയത്താണ് മിലിട്ടറി പ്രവേശനം. സെക്കന്തറാബാദ്, ആസ്സാം, അംബാല, പട്യാല, ജമ്മു കാശ്മീർ, കൽക്കത്ത എന്നിവിടങ്ങളിൽ സർവീസ്. 2001 ലെ പാർലമെന്റ് ആക്രമണ സമയത്ത് സംഘർഷഭരിതമായ രാജസ്ഥാൻ അതിർത്തിയിലേക്കു വിന്യസിക്കപ്പെട്ടവരിൽ ഒരാൾ.

ജമ്മു കാശ്മീരിലെ സേവന കാലത്ത്
ബാരാമുള്ള ജില്ലയിലെ ഡോപ്പൂരിലെ രാഷ്ട്രീയ റൈെഫിൾസ് ഇരുപത്തിരണ്ടാം ബറ്റാലിയൻ ക്യാംമ്പിൽ നായിക് ആയി സേവനം അനുഷ്ഠിക്കയായിരുന്ന 2002 ലെ ആ ദീപാവലി നാൾ അവിസ്മരീണമായി

നിറഞ്ഞു നില്ക്കുന്നു ജീവിതത്തിൽ. താനുൾപ്പെടെ നാനൂറു സൈനികരായിരുന്നു ക്യാമ്പിൽ നാല്പതു മീറ്റർ അടുത്തെത്തിയ തീവ്രവാദ ശത്രുസംഘത്തെ നൊടിയിടയിൽ തിരിച്ചറിഞ്ഞു മുന്നേറി വന്ന ആദ്യ ശത്രുവിനെ വെടി വച്ചിട്ടു. പിന്നാലെ വന്ന രണ്ടാമനെയും തളച്ചിട്ട ശൗര്യത്തിൽ വിറപൂണ്ട പതിമൂന്നു പേരടങ്ങിയ ശത്രുസംഘം പിൻ വലിഞ്ഞോടുകയായിരുന്നു.

നമ്മുടെ രാജ്യത്തിന്റെ സൈനിക യൂണിഫോം അണിഞ്ഞെത്തിയ ശത്രു സംഘത്തെ വേർതിരിച്ചറിഞ്ഞ്, അവരിൽ നിന്നു മുന്നേറി വന്ന രണ്ടു പേരെ നേർക്കു നേർ നേരിട്ടു വക വരുത്തി. ഈ ധീരതയുടെ മഹത്വം തിരിച്ചറിഞ്ഞ നമ്മുടെ കരസേന, രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള സേനാ മെഡൽ നല്കി ആദരിച്ചു. 2004 ൽ അന്നത്തെ കരസേനാ മേധാവിയിൽ നിന്ന് ആർമി ഡേ പരേഡിൽ ഏറ്റു വാങ്ങി.

ആ മെഡലുകൾ നിധി പോലെ സൂക്ഷിക്കുന്നു.

2008 സെപ്റ്റംബറിൽ സൈന്യസേവനത്തിൽ നിന്നു വിരമിച്ചു.

2009 ഒക്ടോബർ ഒന്നിന് മുപ്പത്തി അഞ്ചാമത്തെ വയസ്സിൽ എസ്.ബീ.ടീ യിൽ ക്ലറിക്കൽ കേഡറിൽ നിയമനം നേടി. ആദ്യം ആലപ്പുഴ ഡീസീ റോഡ്, തുടർന്ന് ചെന്നിത്തല എന്നീ ബ്രാഞ്ചുകളിൽ സേവനം. 2014 ൽ ഓഫീസർ കേഡറിലേക്കു പ്രൊമോഷനായി പാലക്കാട് കല്പാത്തി ബ്രാഞ്ച്, തുടർന്ന് മലപ്പുറം ജില്ലയിലെ ചങ്ങരംകുളം ബ്രാഞ്ചിൽ അഡ്വാൻസ് ഓഫീസർ തസ്തികയിലെ സേവന ശേഷം സ്വദേശമായ ചെട്ടികുളങ്ങര ബ്രാഞ്ച് മാനേജരായി എത്തി നില്ക്കുന്നു, ബാങ്കിംഗ് കരിയർ.

''പഠിക്കുന്ന കാലത്തൊന്നും തന്നെ പാഠ്യേതര വിഷയങ്ങളിൽ പങ്കെടുക്കുവാൻ ശ്രമിച്ചിരുന്നില്ല. പക്ഷെ എല്ലായിടത്തും സംഘാടകനായുള്ള പരിഗണനക്കു ഭാഗ്യമുണ്ടായതാകാം തന്നിലെ ചിട്ടകളും സൗമ്യഭാവങ്ങളെയും രൂപപ്പെടുത്തിയത്. ബാങ്കിംഗ് കരിയർ സമർപ്പിക്കുന്നത് അമ്മയുടെ സ്നേഹ സ്വരൂപത്തിനു മുന്നിലാണ്.ബാങ്കിംഗ് ടെസ്റ്റെഴുതിയ ദിവസമാണ് അമ്മ ദിവംഗയായതും''. വാക്കുകൾ കിട്ടാതെ സംഭാഷണം മുറിഞ്ഞു.

ബാങ്കിൽ ചേർന്നതിനു ശേഷം സിക്കിം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നു ബിരുദവും ബാങ്കിംഗിൽ എം.ബി.എ യും നേടുകയുണ്ടായി.

സോദ്ദേശ ഹ്രസ്വ ചിത്രങ്ങൾ മൂന്നെണ്ണത്തിൽ സുഹൃത്തുക്കളുടെ ക്ഷണ പ്രകാരം അഭിനയിക്കുവാൻ കഴിഞ്ഞു. നമ്മുടെ ഫിലിം റെവ്യു പാനലിലൂടെ സുപരിചിതനായ സാജൻ സാക്ഷാത്കാരം നല്കിയ ''Wings of blue'', "Vishing to go phishing'', മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാവേലിക്കര സെന്റർ, ചെട്ടികുളങ്ങരയിലെ

വിദ്യാർത്ഥികളുമായി സഹകരിച്ചു നിർമ്മിച്ച ''One hand distance'' എന്നീ ഹ്യസ്വചിത്രങ്ങളിലെ കുടുംബനാഥനായി കാഴ്ച വച്ച അഭിന പാടവം, ഹ്രസ്വമെങ്കിലും ശ്രദ്ധേയമാണ്.

''ബാങ്കുകാരനായ സുഹൃത്തിന്റെ കല്യാണത്തിന് കണ്ടുമുട്ടിയപ്പോളാണ് ഒരു ഷോർട്ട് ഫിലിം ചെയ്താലോ എന്ന ചർച്ച വരുന്നത്. ചോദ്യകർത്താവിന്റെ കരുണാഭാവം നൽകിയ പ്രചോദനത്തിൽ നിന്നാണ് 'Wings of Blue' പിറവിയെടുക്കുന്നത്. അഭിനയത്തിലെ അരങ്ങേറ്റത്തിൽ വാത്സല്യനിധിയായ അച്ഛനായി ശ്രീകുമാർ പ്രേക്ഷക-നിരൂപക പ്രീതി നേടി. ഒരു ചിരി കൊണ്ട്, ഒരു നോട്ടം കൊണ്ട്, ഒരു ചേർത്ത്പിടിക്കൽ കൊണ്ട് വളരെ subtle ആയും അനായാസമായും കഥാപാത്രമാകാൻ കഴിഞ്ഞു അദ്ദേഹത്തിന്. മൂന്നാഴ്ചയ്ക്ക് ശേഷം SBI യ്ക്ക് വേണ്ടി ഒരു financial awareness ഷോർട്ട് ഫിലിമിൽ, ബാങ്കിൽ വരുന്ന കസ്റ്റമറുടെ വേഷമായിരുന്നു. മുൻറോളിൽ നിന്നും വ്യത്യസ്തനായി തീർത്തും സരസമായ കഥാപാത്രം. അതിഭാവുകത്വം തെല്ലുമില്ലാതെ തികച്ചും സ്വാഭാവികമായ അഭിനയമാണ് ശ്രീകുമാറിന്റേത്''- ശ്രീ സാജന്റെ വാക്കുകൾ ഈ കുറിപ്പിനോടു ചേർത്തു വയ്ക്കുന്നു.

''സംഗീതം ജീവനാണ്. പാടും. പൊതു വേദിയിൽ ഇതുവരെ പാടിയിട്ടില്ല''. തന്റെ ശബ്ദത്തെ മൈെക്ക് പിടിക്കുന്നില്ല എന്ന പോരായ്മ സ്വയം അറിഞ്ഞു പിന്നാക്കം നില്ക്കുന്നു എന്നാണ് ശ്രീക്ക് അതേക്കുറിച്ചു പറയുവാനുള്ളത്. (അതു പരിഹരിക്കപ്പെടാവുന്നതാണ്, വേദികളിൽ പാടാൻ കഴിയും എന്നാണ് ടീ ബി കൂട്ടായ്മക്കു വേണ്ടി ശ്രീയോടു പറയുവാനുള്ളത്)

യാത്രയും ഹരമാണ്. കൃഷിയിലെ പരീക്ഷണങ്ങളും ചെറിയ തോതിലുണ്ട്.

മികച്ച ഗ്രന്ഥങ്ങളുടെ ചെറുതല്ലാത്ത ശേഖരത്തിനുടമയാണ് ശ്രീ. വായനയിൽ ഒപ്പം കൂടുവാൻ സഹധർമ്മിണി ശ്രീമതി ശാലിനിയും ഉത്സാഹപൂർവം നിലകൊള്ളുന്നു. കേരള പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ പെർഫോമൻസ് ഓഡിറ്റിംഗ് വിഭാഗത്തിൽ അവർ ജോലി നോക്കുന്നു. മകൾ, ഗൗരീ ലക്ഷ്മി, മാന്നാർ നായർ സമാജം സ്ക്കൂളിൽ നിന്ന് എല്ലാ വിഷയങ്ങൾക്കും എ പ്ലസോടെ വിജയിച്ച് ഉപരി പഠനത്തിനു തയ്യാറെടുക്കുന്നു. സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിലെ എ ഗ്രേഡ് ജേതാവുകൂടിയാണ് ഗൗരി. ഒപ്പം അഭിനയവും സംഗീതവും ചേർത്തു പിടിക്കുന്നു. മകൻ, ചന്ദ്രശേഖർ, ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിലും തബല വാദനത്തിലും തല്പരനാണ്, ചന്ദ്രു.

ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ തുടക്കം മുതൽ ഏതു സംരംഭവും അതിന്റെ പൂർണ്ണതയിലെത്തിക്കുവാൻ ഉത്സാഹപൂർവം നില

കൊള്ളുന്ന സംഘശക്തിയുടെ കരുത്തുറ്റതും തേജസ്സാർന്നതുമായ കണ്ണിയാകുന്നു, ഈ വീര യോദ്ധാവ്.

ബാങ്കിംഗ് മേഖലയിലെ സേവന സൗന്ദര്യത്തിന് മാറ്റു കൂട്ടുന്ന മുൻ സെൈനികരുടെ വലിയൊരു നിരയിലെ തിളങ്ങുന്ന താരമായ ശ്രീ, തന്റെ ബാങ്കിംഗ് ജീവിതത്തിന്റെ നാൾവഴികളെ ചുരുക്കം ചില വാക്കുകളിൽ വിലയിരുത്തുന്നു.

""സെൈന്യസേവനത്തിൽ നിന്ന് ആർജ്ജിച്ച ജാഗ്രത, വായ്പാ കാര്യത്തിൽ കള്ളനാണയങ്ങളെ തിരിച്ചറിയാനും പൊതുമുതൽ സംരക്ഷിക്കാനും കെെവിടാതെ സൂക്ഷിക്കുന്നു. മനപ്പൂർവ്വം വായ്പ തിരിച്ചടക്കാത്തവർക്ക് മുട്ടൻപണികൊടുക്കാറുണ്ട്. സത്യത്തിൽ തിരിച്ചടക്കാൻ കഴിയാത്തവരെ അനുഭാവപൂർവ്വം കേൾക്കുവാനും ഉചിതമായി പരിഗണിക്കുവാനും കഴിയുന്നു.
രാജ്യത്തിൻ്റെ അതിരു കാക്കുന്നതു പോലെ തന്നെയുള്ള ജാഗ്രതയിലൂടെ ബാങ്കിങ് മേഖലയേയും സംരക്ഷിക്കേണ്ടതുണ്ട്. പോരാളി എന്നൊക്കെ പറയുമെങ്കിലും യുദ്ധം ഒന്നിനും ഒരു പരിഹാരമല്ല എന്ന് ഉറച്ച് വിശ്വസിക്കുന്നു. സമാധാനം പുലരുന്ന ഒരു ലോകമാണ് ഇഷ്ടം. എവിടെ ജോലി ചെയ്താലും നമ്മുടേതായ അടയാളം ബാക്കിവെക്കുക. നമ്മൾ പ്രാർത്ഥിക്കുമ്പോളല്ല മറ്റുള്ളവരുടെ പ്രാർത്ഥനയിൽ നമ്മൾ ഉൾപ്പെടുമ്പോഴാണ് നമ്മൾ ശരിക്കും യഥാർഥ മനുഷ്യരാകുന്നത്".

വീരയോദ്ധാവായ ശ്രീക്കും കുടുംബത്തിനും ആശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്.

Short movie links:

Vishing to go phishing : https://youtu.be/BcUuBhJ96Gc

Wings of Blue : https://youtu.be/JsqZr8KyfUo

**English Version**

Last Sunday, the 21st Kargil Vijay Divas – Nisanth Pazhangalam shared Desabhimani's “exclusive story" and said just this,” Yes, a story known to us all.. let others know too..”

This post with a photo of the hero wearing the prestigious medals he was honoured with seventeen years ago led to this week’s talented banker – the brave warrior who stood

strong with our group from the time of inception.

S. Sreekumar
State Bank of India
Chettikulangara branch
Alappuzha

He was born to the teachers T.S. Das (late) and Chandrika(late) at Mannar, Alappuzha. His father was one of the founding leaders of the first association of aided school teachers, K.P.T.U and a major leader of the subsequently formed K.S.T.A. Chandrika teacher was an Anganvadi teacher. He did his schooling from Eerezha North L.P. School and Chettikulangara High School; pre degree from Mavelikkara Bishop Moore College and then joined the Devaswom Board Pamba College for degree.

It was during his degree classes that he joined the military. He has served in Secunderabad, Assam, Ambala, Patiala, Jammu and Kashmir and Kolkata. He was chosen to be sent to the combat-stricken Rajasthan border during the 2001 Parliament attack. The Diwali day of 2002 can never be erased from memory. He was a Naik at the Political rifles 22nd battalion camp at Dopur, Baramulla district, Jammu and Kashmir – a camp of 400 members. He recognized the enemy terrorists who were just 40 metres away from them. and shot down the first approaching foe. and the second.. the terrified 13-member troop of enemies ran for life.

For differentiating the enemies who wore our own Army uniforms and for bravely gunning down the first two opponents, he was honoured by the Army chief at the 2004 Army Day parade with the Sena Medal that is given “for such individual acts of exceptional devotion to duty or courage as have special significance for the Army".

He retired from the Army in 2008 and on 1st of October 2009, joined the clerical cadre of the State Bank of Travancore. He worked in Alappuzha DC Road branch and then in Chennithala branch. In 2014 he was promoted as officer and he joined Palakkad Kalpathi branch, then transferred to Changaramkulam (in Malappuram district) as Advance officer and now is the Branch Manager at Chettikulangara branch.

“During my school and college days I never tried my hand in extracurricular activities. But everywhere I was chosen to organize events. Maybe this instilled in me the orderly ways and patience in life. I submit my banking career at my loving mother’s feet. It was the day of my banking recruitment test that she...” his words broke.

He gained degree and MBA in banking from the Sikkim Manipal University after joining the bank.

He has already acted in three thought provoking and motivational short films on invites from his friends. Two of them were “Wings of blue" and “Vishing or phishing” born with the

efforts of our movie review panel member Sajan. The third is “One hand distance” produced by the Motor Vehicle department, Mavelikkara centre along with the students at Chettikulangara. His roles in all three, though short, breathe life.

The idea of the short film “Wings of blue" was born out of discussion at a get-together at a banker friend’s marriage function. Sreekumar easily lived as the character of the loving father through a knowing smile, a caring look, an I-am-with-you-through-all hug... subtle acts done by ace actors.

Three weeks later he acted in a financial awareness short film by SBI as a customer visiting the bank, a pleasing character. Sajan says, “Sreekumar’s acting is natural and minimalistic”.

“Music is life.. I sing, but never on a stage.” He thinks his voice doesn’t seem good through a mic but we believe he can sing before an audience. What better place to try out that our own TB group?

He loves travelling and experimenting in farming. He also owns a large collection of excellent books. His wife Smt. Salini who works in the Performance Auditing wing of the Kerala Panchayat department, is always excited to join him in reading.

His daughter, Gouri Lakshmi is readying herself for higher studies after bagging A+ in every subject from the Mannar Nair Samajam School. This bright kid is a State-level school youth festival A grade holder in English skit. She also excels in acting and music. His son, Chandrasekhar, is in the 9th standard and is fond of Hindustani music and tabla.

From the beginning of our talented bankers’ group, this brave soldier’s dedicated support saw every event from start to the end.

Sree, who is a notable member of the bank’s ex-servicemen describes his banking career so; “the discipline, punctuality and alertness gained from the army training are still intact in finding a fraud customer. I never spare one who purposefully don’t repay their loans. But I look forward to help genuine customers who are unable to repay too. I think banking industry needs to be saved with the same alertness as at the country border. I strongly believe that a war doesn’t serve any purpose. I love peace. I think one should leave his signature wherever he works. We become human not when we pray, but when others include us in their prayers.”

Such strong beliefs and dedicated life! We sure have a lot to learn from this soldier-banker... We, Talented Bankers group, wish Sree and his family a prosperous and peaceful life as he dreams.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Thiruvananthapuram Main Branch